(ബി) പോലീസ് സ്റ്റേഷൻ	പ്രതികളെ പിടിച്ച കേസുകളുടെ എണ്ണം		തൊണ്ടി മുതൽ പിടിച്ചിട്ടുള്ള കേസുകളുടെ എണ്ണം	
	2004 ജനുവരി മുതൽ ഡിസംബർ വരെ	2005 ജനുവരി മുതൽ മാർച്ച് വരെ	2004 ജനുവരി മുതൽ ഡിസംബർ വരെ	2005 ജനുവരി മുതൽ മാർച്ച് വരെ
എലത്തൂർ	4	ഇല്ല	4	ഇല്ല
അത്തോളി	2	1	2	1
ബാലുശ്ശേരി	5	ഇല്ല	5	1

(സി) പോലീസ് സ്റ്റേഷൻ	ചാർജ്ജ് ചെയ്ത കേസുകൾ		ശിക്ഷ വിധിച്ച കേസുകൾ	
	2004 ജനുവരി മുതൽ ഡിസംബർ വരെ	2005 ജനുവരി മുതൽ മാർച്ച് വരെ	2004 ജനുവരി മുതൽ ഡിസംബർ വരെ	2005 ജനുവരി മുതൽ മാർച്ച് വരെ
എലത്തൂർ	4	ഇല്ല	1	ഇല്ല
അത്തോളി	2	ഇല്ല	ഇല്ല	ഇല്ല
ബാലുശ്ശേരി	5	ഇല്ല	ഇല്ല	ഇല്ല

മൃതദേഹം വഴിയിൽ ഉപേക്ഷിച്ച സംഭവം

46 [3097] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പോലീസ് സ്റ്റേഷനിൽ ദുരൂഹസാഹചര്യത്തിൽ മരിച്ച പപ്പാല ആലവക്കോട് ചരുവിള പുത്തൻവീട്ടിൽ ജിനുവിന്റെ മൃതദേഹം പോസ്റ്റുമോർട്ടത്തിനുശേഷം പോലീസ് വഴിയിൽ ഉപേക്ഷിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെഡിക്കൽ കോളേജിൽ നിന്നും പോസ്റ്റ്മോർട്ടം കഴിഞ്ഞ് മൃതദേഹം ഏതു പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലാണ് ആലുവക്കോട്ടുള്ള വീട്ടുപടിക്കലെ റോഡിൽ എത്തിച്ചത്;

(സി) എത്ര മണിക്കായിരുന്നു മൃതദേഹം റോഡിൽ ഉറക്കിവച്ചത്; ആരെല്ലാം ഇടപെട്ട് എത്ര മണിക്കായിരുന്നു മൃതദേഹം വീട്ടുകാർ ഏറ്റുവാങ്ങിയത്;

(ഡി) മൃതദേഹത്തോട് അപമര്യാദയായി പെരുമാറിയ പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മരണപ്പെട്ട ജിനുവിന്റെ മൃതദേഹം വീട്ടിലേക്കു കൊണ്ടുപോയത് പോലീസ് ഉദ്യോഗസ്ഥരുടെ ആരുടേയും നേതൃത്വത്തിലല്ല. ടിയാന്റെ മൃതദേഹം പോസ്റ്റ്മോർട്ടം പരിശോധന നടത്തുന്നതിന് കിളിമാനൂർ സ്റ്റേഷൻ പി.സി. 7753 ഹർഷകുമാറിനെ മെമ്മോറാണ്ടം സഹിതം ഏൽപ്പിച്ചിട്ടുള്ളതും, ടിയാൻ മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കൊണ്ടുപോയി ഫോറൻസിക് മെഡിസിൻ വിഭാഗത്തിൽ ഏൽപ്പിക്കുകയും പരിശോധന കഴിഞ്ഞ് 4-3-2005-ാം തീയതി 4.30 മണിക്ക് മൃതദേഹം ഏറ്റുവാങ്ങി ജാതിമതാചാര പ്രകാരം മറവു ചെയ്യുന്നതിനുവേണ്ടി ജിനുവിന്റെ രക്തബന്ധുവായ ചിറുവിള വീട്ടിൽ രാമൻകുട്ടി മകൻ കുഞ്ഞുമോൻ എന്നയാളെ തിരുവനന്തപുരം മെഡിക്കൽ കോളേജ് പരിസരത്ത് വച്ചുതന്നെ ഏൽപ്പിച്ച് രസീത് വാങ്ങിയിട്ടുള്ളതുമാണ്.

(സി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മൃതദേഹത്തോട് പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ അപമര്യാദയായി പെരുമാറിയിട്ടില്ല.

ശാസ്താംകോട്ട-പുന്നമൂട് വാഹനാപകടം

47 [3098] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-2-2005-ൽ കൊല്ലം ജില്ലയിൽ ശാസ്താംകോട്ട പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന കടപുഴക്കടുത്ത് പുന്നമൂട് എന്ന സ്ഥലത്ത് വച്ച് കെ.എൽ.-2 എം. 7771 നമ്പർ ബൈക്കിൽ യാത്ര ചെയ്ത വ്യക്തിയെ എതിരെവന്ന ലോറി ഇടിച്ചു വീഴ്ത്തിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ പോലീസും മോട്ടോർ വാഹന വകുപ്പും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly